പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 248     11.06.2012 ൽ മറുപടിയ്ക്ക്

<u>കരുതൽ തടങ്കലിലെ ഗുണ്ടകളുടെ കണക്ക്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ സി.കെ. സദാശിവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കും അവയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന കണക്കും വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് 22 ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ട് അവയിൽ 5 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗുണ്ടാ ആക്ട് പ്രകാരം എത്ര പേർ കരുതൽ തടങ്കലിൽ ഉണ്ടായിരുന്നെന്നും ഇപ്പോൾ എത്ര പേർ ഉണ്ടെന്നും വെളിപ്പെടുത്താമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2007 -ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) നിയമ പ്രകാരം 38 പേർ കരുതൽ തടങ്കലിൽ ഉണ്ടായിരുന്നു. ഇപ്പോൾ 48 പേരാണ് ഉള്ളത്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേരെ ഗുണ്ടാ ആക്ട് പ്രകാരം കരുതൽ തടങ്കലിലാക്കിയെന്നും എത്ര പേരെ കരുതൽ തടങ്കലിൽ നിന്നൊഴിവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ നിയമപ്രകാരം 138 പേരെ കരുതൽ തടങ്കലിലാക്കുകയും 57 പേരെ തടങ്കലിൽ നിന്ന് ഒഴിവാക്കുകയുമുണ്ടായി. ബഹു. ഹൈക്കോടതിയുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) നിയമം ഉപദേശക ബോർഡിന്റെ ശുപാർശകൾ പ്രകാരവുമാണ് പ്രധാനമായും ആളുകളെ തടങ്കലിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | ഗുണ്ടാ ആക്രമണങ്ങൾ | ഗുണ്ടാ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 15 | 4 |
| 2 | കൊല്ലം | 1 | 0 |
| 3 | പത്തനംതിട്ട | 0 | 0 |
| 4 | ആലപ്പുഴ | 4 | 0 |
| 5 | കോട്ടയം | 0 | 0 |
| 6 | ഇടുക്കി | 0 | 0 |
| 7 | എറണാകുളം | 1 | 1 |
| 8 | തൃശ്ശൂർ | 1 | 0 |
| 9 | പാലക്കാട് | 0 | 0 |
| 10 | മലപ്പുറം | 0 | 0 |
| 11 | കോഴിക്കോട് | 0 | 0 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 |
| | **ആകെ** | **22** | **5** |

Section Officer